(സി) തൊടുപുഴ എഞ്ചിനീയറിംഗ് കോളേജ് വാടകയക്ക് എടുത്തതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉള്ളതായി യൂണിവേഴ്സിറ്റി ആഡിറ്റ് വിംഗ് കണ്ടെത്തിയിട്ടുള്ളതായി അറിവില്ല എന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

61 (1276) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് സ്ഥലം വാങ്ങിയ നടപടി

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ തൊടുപുഴയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് മുട്ടം വില്ലേജിൽ എത്ര സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലം ഏത് രജിസ്ട്രേഷൻ ഓഫീസിൽ എത്രാം നമ്പരായി ഏത് തീയതിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) യൂണിവേഴ്സിറ്റി സ്ഥലമെടുപ്പ് സംബന്ധിച്ച് എന്തെല്ലാം നോട്ടിഫിക്കേഷൻ നടത്തിയിരുന്നു; ഏതെല്ലാം തീയതിയിൽ;

(ഡി) സ്വാശ്രയ കോളേജിനുവേണ്ടി എത്ര സ്ഥലം യൂണിവേഴ്സിറ്റി പരിശോധിച്ചിരുന്നു; ആരാണ് പരിശോധന നടത്തിയത്; എന്നാണ് പരിശോധന നടത്തിയത്;

(ഇ) സ്ഥലം എടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തത് എന്നാണ്;

(എഫ്) പ്രസ്തുത സ്ഥലം എടുക്കുന്നത് സംബന്ധിച്ച് കരാർ എന്നാണ് ഉണ്ടാക്കിയത്;

(ജി) ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ച് സ്കെച്ചും പ്ലാനും യൂണിവേഴ്സിറ്റി അംഗീകരിച്ചത് എന്നാണ്; അംഗീകരിച്ച സ്കെച്ചും പ്ലാനും അനുസരിച്ച് എത്ര ഏക്കർ സ്ഥലം ആണ് ഉണ്ടായിരുന്നത്;

(എച്ച്) യൂണിവേഴ്സിറ്റി സ്വാശ്രയ കോളേജിനുവേണ്ടി വാങ്ങിയ സ്ഥലത്തിന്റെ നാല് അതിരുകൾ ഏതെല്ലാമാണ്; ആരുടെ കൈവശത്തിൽ ആണ് പ്രസ്തുത സ്ഥലങ്ങൾ;

(ഐ) സ്ഥലം എടുത്തതിന് ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ എത്ര രൂപ വീതം; ഇനി എത്ര തുക കൊടുക്കാനുണ്ട്; സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ?

ഉത്തരം

(എ)മുതൽ(ഐ)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

62 (1278) സ്വാശ്രയ കോളേജുകൾ

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാം സ്വാശ്രയ കോളേജുകൾ ഉണ്ട്;

(ബി) ഈ കോളേജുകളിലേക്ക് അഡ്മിഷൻ നടക്കുന്നതിന്റെ മാനദണ്ഡമെന്താണ്;

(സി) ഈ അഡ്മിഷനുകളിൽ റിസർവേഷൻ പാലിക്കുന്നുണ്ടോ;

(ഡി) ഈ കോളേജുകളിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ നടത്തി വരുന്നു;

(ഇ) ഈ കോളേജുകളിൽ ഓരോന്നിലും ഇപ്പോൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) ഈ കോളേജുകളിലേക്ക് നിയമനം നടത്തുന്ന രീതി എപ്രകാരമാണ്;

(ജി) ഈ കോളേജുകളിൽ ഓരോന്നിലും നിലവിലുള്ള സ്റ്റാഫിന്റെ ജാതിതിരിച്ചുള്ള പട്ടിക ലഭിക്കുമോ?

ഉത്തരം

(എ) സ്വാശ്രയ കോളേജുകൾ

തിരുവനന്തപുരം, അടൂർ, ചെങ്ങന്നൂർ, കല്ലൂപ്പാറ, പുളിക്കുന്ന്, തൊടുപുഴ, എറണാകുളം വടകര, കാസർഗോഡ്, കുറ്റിപ്പുറം, കോഴിക്കോട് മലപ്പുറം, വടക്കാഞ്ചേരി, പുതുപ്പള്ളി പീരുമേട്, മല്ലപ്പള്ളി, അടൂർ, മാവേലിക്കര, പട്ടുവം, കിളിമാനൂർ തോന്നക്കൽ, വാഴിച്ചൽ, അമ്പലത്തറ, ചാവർകോട്, ആയൂർ, കരുനാഗപ്പള്ളി, നെടുമങ്ങാട്, പാറശ്ശാല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി)&(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ (എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജിലെ 50 ശതമാനം സീറ്റ് ഒഴികെ) പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ച് അഡ്മിഷൻ നടത്തുന്നു. കൊച്ചി സർവ്വകലാശാലയുടെ കീഴിലുള്ള പുളിക്കുന്ന് എഞ്ചിനീയറിംഗ് കോളേജിൽ കൊച്ചി സർവ്വകലാശാല നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നു. മറ്റു സ്വാശ്രയകോളേജുകൾക്ക് യോഗ്യതാ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നു. എന്നാൽ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 50 ശതമാനം സീറ്റ് മാനേജ്മെന്റ് തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്

1. ആർക്കിടെക്ചർ
2. മെക്കാനിക്കൽ എഞ്ചിനീയറിംഗ്
3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ
4. അപ്ലൈഡ് ഇലക്ട്രോണിക്സ്.
5. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
6. ബയോമെഡിക്കൽ എഞ്ചിനീയറിംഗ്
7. മെക്കാനിക്കൽ പ്രൊഡക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

8. മെക്കാനിക്കൽ ആട്ടോമൊബൈൽ
9. പോളിമർ എഞ്ചിനീയറിംഗ്
10. ഇൻഫർമേഷൻ ടെക്നോളജി
11. സേഫ്റ്റി &ഫയർ എഞ്ചിനീയറിംഗ്
12. എം.സി.എ.

മറ്റ് സ്വാശ്രയ കോളേജുകൾ

1. ബി.എസ്സ്.സി. കമ്പ്യൂട്ടർ സയൻസ്
2. ബി.എസ്സ്.സി. ഇലക്ട്രോണിക്സ്
3. ഡി.സി.എ.
4. ബി.എ.ഇക്കോണമിക്സ്.
5. ബി.കോം
6. ബി.എസ്സ്.സി ഫിസിക്സ്
7. ബി.എസ്സ്.സി. (മാത്സ്)
8. ബി.എസ്സ്.സി (പോളിമർ കെമിസ്ട്രി)
9. വിവിധ വിഷയങ്ങളിൽ ബി.എ.

(ഇ) കോളേജുകളിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) സർക്കാർ, അർദ്ധ സർക്കാർ, സഹകരണമേഖലയിലെ സ്വാശ്രയകോളേജുകളിൽ ഓപ്പൺ അഡ്വർടൈസ്മെന്റ്വഴി സംവരണ മാനദണ്ഡങ്ങൾ പാലിച്ചും ഡെപ്യൂട്ടേഷൻ മുഖേനയും, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ യൂണിവേഴ്സിറ്റി എ.ഐ.സി.ഇ./ഗവ: നിയമങ്ങൾക്കു വിധേയമാണ് നിയമനങ്ങൾ നടത്തുന്നത്.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

63 (1279) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് വാങ്ങിയ സ്ഥലം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് എത്ര ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്; എവിടെയെല്ലാം; സ്ഥലത്തിന് മൊത്തം എന്ത് വിലയായി;

(ബി) ഏത് രജിസ്ട്രേഷൻ ഓഫീസിലാണ് സ്വാശ്രയ കോളേജിനുവേണ്ടി വാങ്ങിയിരിക്കുന്ന സ്ഥലം രജിസ്ട്രേഷൻ നടത്തിയിരിക്കുന്നത്; രജിസ്ട്രേഷൻ നമ്പർ, തീയതി, അടങ്കൽ തുക എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ; എത്ര രൂപയാണ് രജിസ്ട്രേഷൻ ഫീസ് അടച്ചിരിക്കുന്നത്;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ആരാണ് രജിസ്ട്രേഷൻ നടപടികൾ നിയമപരമായി നടത്തിയിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly